PSC Careers & Edu HUNT

www.pschunt.com

# പഞ്ചവത്സര പദ്ധതികൾ

ജവാഹർലാൽ നെഹ്റുവിനെയാണ് ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ പിതാവ് എന്നു വിശേഷിപ്പിക്കുന്നത്. സോവിയറ്റ് യൂണിയനെ മാതൃകയാക്കിയാണ് ഈ വികസനതന്ത്രം ഇന്ത്യയിൽ നടപ്പാക്കിയത്. ആസൂത്രണ കമ്മിഷനാണ് പഞ്ചവത്സര പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിരുന്നത്.

ആദ്യമായി പഞ്ചവത്സര പദ്ധതി നടപ്പാക്കിയ രാജ്യം സോവിയറ്റ് യൂണിയനാണ്. 1928–നും 1932–നും മധ്യേ നടപ്പാക്കിയ പദ്ധതിയുടെ ഉപജ്ഞാതാവ് ജോസഫ് സ്റ്റാലിൻ ആയിരുന്നു.

## ഒന്നാം പഞ്ചവത്സര പദ്ധതി

ഒന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കിയത് 1951–56 കാലയളവിലാണ്. പ്രൈമറി സെക്ടറിന് അഥവാ കാർഷികവികസനത്തിനാണ് ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയത്. ഹാരോഡ് ഡോമർ മാതൃക (Harrod Domar model) യിലാണ് പദ്ധതി നടപ്പാക്കിയത്. ലക്ഷ്യമിട്ട വളർച്ചാനിരക്ക് 2.1 ശതമാനവും കൈവരിച്ചത് 3.6 ശതമാനവുമാണ്. ഡെസർട്ട് ഡെവലപ്മെന്റ് പ്രോഗ്രാം, നാഷണൽ എക്സ്റ്റൻഷൻ സ്കീം എന്നീ പദ്ധതികൾ ആരംഭിച്ചതും വിവിധോദ്ദേശ്യ ജലസേചന പദ്ധതികളായ ഭക്രാനംഗൽ, ഹിരാക്കുഡ്, ദാമോദർ വാലി പദ്ധതികൾ നടപ്പാക്കിയത് ഒന്നാം പദ്ധതിക്കാലത്താണ്. പദ്ധതിയുടെ അടങ്കൽ തുക 2069 കോടിയായിരുന്നെങ്കിലും പിന്നീട് 2378 കോടിയായി ഉയർത്തി.

പ്രശസ്ത ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനും മലയാളിയുമായ ഡോ.കെ.എൻ.രാജാണ് ഒന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത്.

## രണ്ടാം പഞ്ചവത്സര പദ്ധതി

വ്യവസായത്തിന് പ്രാധാന്യം നൽകിയ രണ്ടാം പഞ്ചവത്സര പദ്ധതി 1956–61 കാലയളവിൽ നടപ്പാക്കി. പ്രശസ്ത സ്ഥിതിവിവരശാസ്ത്ര വിദഗ്ധനായ പി.സി.മഹലനോബിസ് 1953–ൽ രൂപകല്പന ചെയ്ത മഹലനോബിസ് മാതൃകയിൽ നടപ്പാക്കിയ പദ്ധതി 4.5 ശതമാനം വളർച്ച ലക്ഷ്യമിട്ടെങ്കിലും 4.27 ശതമാനമാണ് കൈവരിച്ചത്. ഇൻഡസ്ട്രി ആന്റ് ട്രാൻസ്പോർട്ട് പ്ലാൻ എന്നറിയപ്പെട്ട ഈ പദ്ധതിയുടെ കാലത്താണ് റൂർക്കേല, ഭിലായ്, ദുർഗാപ്പൂർ സ്റ്റീൽ പ്ലാന്റുകൾ ആരംഭിച്ചത്. ബംഗാളിലെ ചിത്തരഞ്ജൻ കോച്ച് ഫാക്ടറിയും തമിഴ്നാട്ടിലെ പെരമ്പൂരിലുള്ള കോച്ച് ഫാക്ടറിയും തുടങ്ങിയത് ഈ പദ്ധതി കാലത്താണ്. രണ്ടാം പദ്ധതിയുടെ അവസാനത്തോടെയാണ് സാങ്കേതിക വിദ്യാഭ്യാസരംഗത്തെ അത്യുന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ അഞ്ച് ഐ.ഐ.ടി.കൾ (Indian Institutes of Technology) ഇന്ത്യയിൽ സ്ഥാപിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്തിന് ശക്തി പകരുന്നതിന് ഒന്നാം പദ്ധതിക്കാലത്ത് 1953–ൽ വിദ്യാഭ്യാസ മന്ത്രി മൗലാനാ ആസാദ് ഉദ്ഘാടനം ചെയ്ത യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന് പാർലമെന്റിന്റെ ആക്ടിലൂടെ സ്റ്റാറ്റ്യൂട്ടറി പദവി നൽകിയതും രണ്ടാം പദ്ധതിക്കാലത്താണ്. കൽക്കരി ഉൽപാദനം വർധിപ്പിക്കുകയും വടക്കു കിഴക്ക് മേഖലയിൽ കൂടുതൽ റെയിൽപ്പാതകൾ നിർമിക്കുകയും ചെയ്തു. പ്രമുഖ ഗവേഷണകേന്ദ്രമായ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് സ്ഥാപിതമായി. 1956–ൽ ഇന്ത്യ വ്യവസായ നയം പ്രഖ്യാപിച്ചു.

## മൂന്നാം പഞ്ചവത്സര പദ്ധതി

മൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത് സ്വയം പര്യാപ്ത സാമ്പത്തിക വ്യവസ്ഥയ്ക്കാണ്. കൃഷിക്കും വ്യവസായത്തിനും തുല്യപരിഗണന നൽകി 1961–66 കാലയളവിൽ നടപ്പാക്കിയ പദ്ധതി 5.6 ശതമാനം വളർച്ചയാണ് ലക്ഷ്യമിട്ടത്. എന്നാൽ, പല കാരണങ്ങളാലും ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. കൈവരിച്ച ലക്ഷ്യം 2.4 ശതമാനമാണ്. ധാരാളം പ്രൈമറി വിദ്യാലയങ്ങൾ ഗ്രാമീണ മേഖലയിൽ സ്ഥാപിക്കുകയും കാർഷിക പുരോഗതിയിൽ വിപ്ലവം സൃഷ്ടിച്ച ഹരിത വിപ്ലവത്തിന് തുടക്കം കുറിക്കുകയും ചെയ്ത ഈ പദ്ധതി കാലയളവിലാണ് 1962–ലെ ഇന്ത്യ–ചൈന യുദ്ധം നടന്നത്.

മൂന്നാം പഞ്ചവത്സര പദ്ധതിയുടെ പരാജയം കാരണം തുടർന്നുള്ള മൂന്ന് സാമ്പത്തിക വർഷങ്ങളിൽ രാജ്യത്ത് വാർഷിക പദ്ധതികളാണ് നടപ്പാക്കിയത്. ഈ കാലഘട്ടം പ്ലാൻ ഹോളിഡേ എന്നാണ് അറിയപ്പെടുന്നത്. രൂക്ഷമായ വരൾച്ച, രൂപയുടെ മൂല്യത്തകർച്ച എന്നിവയും സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു.

## നാലാം പഞ്ചവത്സര പദ്ധതി

ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായശേഷം ആരംഭിച്ച പഞ്ചവത്സര പദ്ധതിയാണ് നാലാമത്തേത്(1969–74). ഗാഡ്ഗിൽ യോജന എന്നറിയപ്പെടുന്ന നാലാം പദ്ധതി 5.6 ശതമാനം വളർച്ച ലക്ഷ്യമിടുകയും 3.3 ശതമാനം നേടുകയും ചെയ്തു. സ്ഥിരതയുള്ള നീതിയുക്തമായ വികസനത്തിലൂടെ സ്വയം പര്യാപ്തത കൈവരിക്കലായിരുന്നു പദ്ധതിയുടെ മുഖ്യ ഊന്നൽ. ഈ പദ്ധതി കാലയളവിലാണ് 14 ബാങ്കുകളുടെ ദേശസാത്കരണം നടന്നത്. ഹരിതവിപ്ലവത്തിലൂടെ കൂടുതൽ പുരോഗതി കാർഷിക മേഖലയിൽ കൈവരിച്ചു. കിഴക്കൻ പാകിസ്താന് ബംഗ്ലാദേശെന്ന പേരിൽ സ്വതന്ത്രരാജ്യമാകുന്നതിനാവശ്യമായ സഹായങ്ങൾ നൽകി.

## അഞ്ചാം പഞ്ചവത്സര പദ്ധതി

1974 മുതൽ 1979 വരെ നടപ്പിലാക്കിയ അഞ്ചാം പദ്ധതിയുടെ ഊന്നൽ ദാരിദ്ര്യനിർമാർജനത്തിലൂടെ സ്വയം പര്യാപ്തത കൈവരിക്കലായിരുന്നു. 4.4 ശതമാനമാണ് ലക്ഷ്യമിട്ട വളർച്ചാനിരക്കെങ്കിലും 5.0 ശതമാനം വളർച്ച നേടാൻ കഴിഞ്ഞു. വർധിച്ചുവരുന്ന ഗതാഗതത്തിരക്ക് നേരിടുന്നതിന് നാഷണൽ ഹൈവേ സംവിധാനം കൊണ്ടുവരികയും നിലവിലുള്ള റോഡുകൾ വികസിപ്പിക്കുകയും ചെയ്തു. വിനോദസഞ്ചാരമേഖലയും പുരോഗതി കൈവരിച്ചു. ഇന്ദിരാഗാന്ധി ഇരുപതിന പരിപാടി നടപ്പിലാക്കിയതും ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം അവതരിപ്പിച്ചതും ഈ പദ്ധതിക്കാലത്താണ്. 1977–ൽ അധികാരത്തിൽവന്ന മൊറാർജി ദേശായി സർക്കാർ ഈ പദ്ധതി 1978–ൽ മരവിപ്പിക്കുകയും തൽസ്ഥാനത്ത് റോളിങ് പദ്ധതി കൊണ്ടുവരികയും ചെയ്തു. 1978–80 കാലത്ത് റോളിങ് പദ്ധതിയാണ് നടപ്പിലാക്കിയത്.

Gunnar Myrdal എന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണ് ഏഷ്യൻ ഡ്രാമ എന്ന പുസ്തകത്തിലൂടെ റോളിങ് പ്ലാൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്.

## ആറാം പഞ്ചവത്സര പദ്ധതി

പ്രതീക്ഷിച്ച വളർച്ചാനിരക്കായ 5.2 ശതമാനത്തിന്റെ സ്ഥാനത്ത് 5.4 ശതമാനം കൈവരിച്ച ആറാം പദ്ധതി നടപ്പിലാക്കിയത് 1980–85 കാലയളവിലായിരുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും നിർമാർജനം ചെയ്യലായിരുന്നു ഈ പദ്ധതിയുടെ ഊന്നൽ. വിലനിയന്ത്രണ സംവിധാനം ഒഴിവാക്കപ്പെട്ടു. ഈ പദ്ധതിക്കാലം നെഹ്റുവിയൻ സോഷ്യലിസത്തിന്റെ അവസാനമായി വിലയിരുത്തപ്പെട്ടു. സാമ്പത്തിക ഉദാരവത്കരണ നയങ്ങൾക്ക് തുടക്കം കുറിച്ച ഈ കാലയളവിൽ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാം, നാഷണൽ റൂറൽ

എംപ്ലോയ്മെന്റ് പ്രോഗ്രാം, ട്രൈസം തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു. കുടുംബാസൂത്രണം നടപ്പിലാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകി.

ശിവരാമൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നബാർഡ് ആരംഭിച്ചത് ആറാം പദ്ധതിക്കാലത്താണ്.

## ഏഴാം പഞ്ചവത്സര പദ്ധതി

സ്വതന്ത്ര സമ്പദ്ഘടനയായി ഇന്ത്യയെ വളർത്താൻ വിവരസാങ്കേതിക വിദ്യയിലൂന്നിയ വ്യവസായ വളർച്ചയ്ക്ക് ഊന്നൽ നൽകപ്പെട്ട ഏഴാം പദ്ധതിയുടെ കാലയളവ് 1985–90 ആണ്. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ വ്യാവസായിക ഉൽപാദനം കൂട്ടുക, ഭക്ഷ്യധാന്യോൽപാദനം കൂട്ടുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയും പദ്ധതിയുടെ മുഖ്യ പരിഗണനകളിലുൾപ്പെട്ടു. ലക്ഷ്യമിട്ട വളർച്ചാനിരക്ക് 5% ആയിരുന്നെങ്കിലും 6.01 ശതമാനം കൈവരിച്ചു.

## എട്ടാം പഞ്ചവത്സര പദ്ധതി

കേന്ദ്രത്തിലെ രാഷ്ട്രീയ അനിശ്ചിതത്വം കാരണം 1990 മുതൽ 1992വരെ വാർഷിക പദ്ധതികളാണ് നടപ്പാക്കിയത്. ഈ കാലയളവിലാണ് പുത്തൻ സാമ്പത്തികനയം അവതരിപ്പിക്കപ്പെട്ടത്.

1992–97 കാലയളവിൽ നടപ്പാക്കിയ എട്ടാം പഞ്ചവത്സര പദ്ധതി പുത്തൻ സാമ്പത്തിക നയം (ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ) കൊണ്ട് ശ്രദ്ധേയമായി. വ്യവസായങ്ങളുടെ ആധുനികവത്കരണം, കൂടുതൽ തൊഴിലവസരങ്ങൾ, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ശ്രദ്ധിച്ചു. ജനസംഖ്യാനിയന്ത്രണ പ്രവർത്തനങ്ങൾക്ക് പ്രചാരം കൊടുത്തു. 5.6 ശതമാനം വളർച്ച ലക്ഷ്യമിട്ട സ്ഥാനത്ത് 6.78 ശതമാനം നേടാൻ സാധിച്ചു.

## ഒമ്പതാം പഞ്ചവത്സര പദ്ധതി

സാമൂഹിക നീതിയിലും തുല്യതയിലും അധിഷ്ഠിതമായ വികസനം ലക്ഷ്യമിട്ട് 1997–2002 കാലയളവിൽ നടപ്പാക്കിയ ഒമ്പതാം പദ്ധതി കൃഷിക്കും ഗ്രാമീണ മേഖലയുടെ വികസനത്തിനും ഊന്നൽ നൽകി. ആഗോള സാമ്പത്തിക തകർച്ച പദ്ധതിയെ ബാധിച്ചു. 6.5 ശതമാനം വളർച്ചാനിരക്ക് ലക്ഷ്യമിട്ടെങ്കിലും 5.4 ശതമാനമേ കൈവരിക്കാൻ കഴിഞ്ഞുള്ളൂ. സമ്പൂർണ ഗ്രാമീണ റോസ്ഗാർ യോജന, സ്വർണജയന്തി ഗ്രാംസ്വറോസ്ഗാർ യോജന, പ്രധാനമന്ത്രി ഗ്രാം സഡക് യോജന, അന്ത്യോദയ അന്നയോജന, അന്നപൂർണ, സ്വജൽധാര തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. പ്രാഥമിക ആരോഗ്യം, പ്രൈമറി വിദ്യാഭ്യാസം, ഭവന നിർമാണം, കുടിവെള്ളം, ഭവനനിർമാണം, കുട്ടികൾക്ക് പോഷകാഹാരം, പൊതുവിതരണം, ഗ്രാമങ്ങളെ മുഖ്യധാരയിൽ എത്തിക്കൽ എന്നിങ്ങനെ ഏഴ് അടിസ്ഥാന സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകി.

## പത്താം പഞ്ചവത്സര പദ്ധതി

2002–2007 കാലയളവിൽ നടപ്പാക്കിയ പദ്ധതിയിലൂടെ 8.1 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ ലക്ഷ്യമിട്ടെങ്കിലും 7.7 ശതമാനമേ നേടാൻ കഴിഞ്ഞുള്ളൂ. ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതും സർവശിക്ഷാ അഭിയാൻ നടപ്പാക്കിയതും ഈ പദ്ധതിക്കാലത്താണ്. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, ഭാരത് നിർമാൺ, ജവാഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ തുടങ്ങിയ പദ്ധതികളും നിലവിൽവന്നു.

## പതിനൊന്നാം പഞ്ചവത്സര പദ്ധതി

ഒമ്പത് ശതമാനം വളർച്ച കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2007–2012 കാലയളവിൽ ആരംഭിച്ച പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്താണ് വിദ്യാഭ്യാസ അവകാശ നിയമം പാസാക്കിയത്. ആധാർ പദ്ധതി, ആം ആദ്മി ഭീമാ യോജന, രാഷ്ട്രീയ കൃഷി വികാസ് യോജന, രാജീവ് ആവാസ് യോജന, സ്വാഭിമാൻ പദ്ധതികൾ നടപ്പാക്കി. 8.2 ശതമാനം വളർച്ച നേടി. എല്ലാവരേയും ഉൾക്കൊള്ളുന്ന വളർച്ച എന്നതായിരുന്നു പദ്ധതിയുടെ ഊന്നൽ.

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

ത്വരിതഗതിയിലുള്ള വികസനം, എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം, സുസ്ഥിര വികസനം എന്നീ വിഷയങ്ങൾക്ക് ഊന്നൽ ലക്ഷ്യമിടുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് 2012മുതൽ 2017 വരെയാണ്. എട്ടുശതമാനമാണ് പദ്ധതി ലക്ഷ്യമിടുന്ന വളർച്ചാനിരക്ക്. ദാരിദ്ര്യനിരക്ക് പത്തുശതമാനം കുറയ്ക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.